# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1756 — 22.03.2012-ൽ മറുപടിയ്ക്ക്

### <u>ഇ-മെയിൽ, മൊബൈൽ തട്ടിപ്പുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്ജ്. | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശത്തുനിന്ന് പണം വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഇ-മെയിൽ, മൊബൈൽ തട്ടിപ്പുകൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | വിദേശത്തുനിന്ന് പണം വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഇ-മെയിൽ, മൊബൈൽ തട്ടിപ്പുകൾ തടയുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുന്നതിലേക്ക് പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ സന്ദേശങ്ങൾ നൽകിയും, ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും അവശ്യം വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ തട്ടിപ്പുകൾക്കെതിരെ പരാതിപ്പെടുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം തട്ടിപ്പിനിരയാകുന്നവർക്ക് പരാതിപ്പെടുവാനായി ജില്ലാ സൈബർ സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലിൽ ഫോൺ മുഖാന്തിരവും, ഇ-മെയിൽ മുഖാന്തിരവും, നേരിട്ട് സ്വീകരിക്കുന്ന പരാതികളും അതാത് ജില്ലാ സൈബർ സെല്ലുകളുടെ സഹായത്തോടെ അന്വേഷിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിലും പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പരാതികൾ സ്വീകരിക്കുന്നതിലേക്കായി നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻഓഫീസർ.